വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ അറപ്പീടിക—കണ്ണാടിപ്പൊയിൽ റോഡിന്റെ തുണാനുമതി

673 [651] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ അറപ്പീടിക—കണ്ണാടിപ്പൊയിൽ റോഡിന് എത്ര രൂപയുടെ തുണാനുമതിയാണ് നൽകിയത്;

(ബി) എത്ര രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന്റെ പണി എന്ന് പൂർത്തിയാകും?

ഉത്തരം

(എ) 2.50 ലക്ഷം രൂപയുടെ തുണാനുമതിയാണ് നൽകിയത്.

(ബി) 31—5—1986 വരെ 57,293 രൂപ ചെലവഴിച്ചു.

(സി) ഇതിന്റെ പണി ത്വരിതഗതിയിൽ നടന്നുവരുന്നു. 30—9—1986—നകം പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ കുമിളി—ഉള്ളൂർ റോഡിന്റെ പണി

674 [652] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കുമിളി—ഉള്ളൂർ റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞുവോ;

(ബി) റോഡിന്റെ പ്രവൃത്തിക്കുവേണ്ടി എത്ര രൂപയാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കുമിളി—ഉള്ളൂർ റോഡിന്റെ പണി 1986 മേയ് മാസത്തിൽ പൂർത്തിയാക്കി.

(ബി) 31—5—1986 വരെ പ്രസ്തുത പണിക്ക് 56,376 രൂപ ചെലവഴിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ വരൾച്ച ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ച വില്ലേജുകളിൽ ചെലവഴിച്ച തുക

675 [653] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ 1986—ൽ വരൾച്ച ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിൽ ദുരിതാശ്വാസ പ്രവർത്തനത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) താലൂക്ക് തിരിച്ചു കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ തലശ്ശേരി താലൂക്കിലെ തലശ്ശേരി, തിരുവങ്ങാട്, ധർമ്മടം, എരഞ്ഞോളി, കതിരൂർ, കോടിയേരി വില്ലേജുകളിലായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) വില്ലേജു തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 9,45,482 രൂപ.

(ബി) തലശ്ശേരി താലൂക്ക് 1,70,300 രൂപ
കണ്ണൂർ താലൂക്ക് 1,66,875 ,,
തളിപ്പറമ്പ് താലൂക്ക് 1,25,650 ,,

കൂടാതെ തലശ്ശേരി, കണ്ണൂർ മുനിസിപ്പാലിറ്റികളുടെ പരിധിയിൽ കേരള ജല-പാഴ്ജല അതോറിറ്റി വഴി ശുദ്ധജലം വിതരണം ചെയ്തതിന് 4,82,657 രൂപയും ചെലവായിട്ടുണ്ട്.

(സി) 1,34,410 രൂപ.

(ഡി) വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല.

തളിപ്പറമ്പ് താലൂക്ക് തലസ്ഥാനത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ

676 [654] ശ്രീ. സി. പി. മുസ്സാൻകുട്ടി: താഴെകാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് താലൂക്ക് തലസ്ഥാനത്ത് ഇന്നുള്ള സ്ഥല സൗകര്യക്കുറവ് പരിഹരിക്കാൻ ഒരു മിനി സിവിൽ സ്റ്റേഷൻ പണിയാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിലേക്ക് അംഗീകരിച്ചിട്ടുള്ള എട്ടു മിനി സിവിൽ സ്റ്റേഷനുകളിൽ തളിപ്പറമ്പ് ഉൾപ്പെടുത്തിയിട്ടില്ല. തളിപ്പറമ്പിൽ ഒരു മിനി സിവിൽ സ്റ്റേഷൻ പണിയുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഇരിഞ്ഞാലക്കുടയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ

677 [655] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിഞ്ഞാലക്കുടയിൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) 1986–87 വർഷത്തിൽ തന്നെ സിവിൽ സ്റ്റേഷന്റെ പണി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇരിഞ്ഞാലക്കുടയിൽ മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് പന്ത്രണ്ട് ഏക്കറോളം വിസ്തീർണ്ണമുള്ള ഒരു പുറമ്പോക്കു സ്ഥലം കൈമാറ്റം ചെയ്യാൻ ജില്ലാ കലക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം ഇതുവരെ കൈമാറിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly